പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 6446 — 8-11-2016 ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടവിവരം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ. പിണറായി വിജയൻ**<br>(ബഹു. മുഖ്യമന്ത്രി) |

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര പൊതുമേഖലാസ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്; ജില്ല തിരിച്ച് ഈ സ്ഥാപനങ്ങളുടെ പേരു വിവരം വിശദമാക്കാമോ;

(എ) സംസ്ഥാനത്ത് വ്യവസായവകുപ്പിനു കീഴിൽ 42 പൊതുമേഖലാസ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (I) ആയി ചേർക്കുന്നു.

(ബി) ഇതിൽ ലാഭത്തിൽ ഓടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എതൊക്കെയെന്ന് പേരു സഹിതം വിശദമാക്കുമോ;

(ബി) വ്യവസായവകുപ്പിൻെറ അധീനതയിലുള്ള ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനങ്ങൾ |
|---|---|
| 1 | മലബാർ സിമൻറ്സ് ലിമിറ്റഡ് |
| 2 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 3 | ദി കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് |
| 4 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 5 | ഫോറസ്റ്റ് ഇൻഡസ്ട്രിസ് (ട്രാവൻകൂർ) ലിമിറ്റഡ് |
| 6 | കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |

| | |
|---|---|
| 7 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 8 | കേരള ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 9 | കേരള സ്റ്റേറ്റ് ഇൻറസ്ട്രിയൽ എൻറർപ്രൈസസ്സ് ലിമിറ്റഡ് |
| 10 | സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് |

****കിൻഫ്ര 2015-16 ൽ ഉൾപ്പെടുത്തിയിട്ടില്ല.***

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെ; ഈ സ്ഥാപനങ്ങളുടെ ഓരോ സാമ്പത്തിക വർഷത്തെ നഷ്ടം എത്ര തുക വീതമെന്ന് 2010-2011 മുതൽ 2015-2016 വരെ എത്രയെന്ന് വിശദമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളും ഇവയുടെ 2010-11 മുതൽ 2015-16 വരെയുള്ള നഷ്ടവും അനുബന്ധം (II) ആയി ചേർക്കുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി സ്ഥാപനങ്ങളുടെ തലപ്പത്ത് പുതിയ ആളുകളെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ പേരു സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിച്ച വയിൽ 15 സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരെ മാറ്റി പുതിയ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചിരുന്നു. ഇത് സംബന്ധിച്ച വിവരം അനുബന്ധം (III) ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ